# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2318

09.12.2014-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, വി.ഡി.സതീശൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ കർശനമായി നടപ്പാക്കിവരുന്നു. സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ/വിശദ പരിശോധനകൾ നടത്തുകയും പരിശോധന വേളയിലും, ആഡിറ്റ് വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിൻമേൽ വിശദ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ അടക്കമുള്ള മേൽനടപടികൾ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചുവരുകയും, മാത്രമല്ല സാമ്പത്തിക ക്രമക്കേടുകളിൽ ഭരണസമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ |

കണ്ടെത്തിയാൽ ഭരണസ സമിതിക്കെതിരെ കേരള സഹകരണ നിയമം, വകുപ്പ്, ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തി അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പ്രത്യേക ആഡിറ്റ് വിഭാഗം ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ ബാങ്കിംഗ് റഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ച് പ്രവർത്തനം തുടരുന്നു. സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറികൾ നടത്തിയ ജീവനക്കാരിൽ നിന്നും ക്രമക്കേട് നടത്തിയ തുകകൾ ഈടാക്കുകയും സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടും, തസ്തികയിൽ നിന്ന് തരംതാഴ്ത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന്

(ബി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ്

| | |
|---|---|
| വ്യക്തമാക്കുമോ ; | നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തിര പ്രാധാന്യമുള്ള പരാതികളിൽ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽ നിന്നും വിഭിന്നമായതിനാൽ നിരന്തരമായ അന്വേഷണം നടത്തി കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതികളും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും, അംഗങ്ങളുടെ താല്പര്യം പൂർണ്ണമായി സംരക്ഷിച്ച് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

(സി) സഹകരണ വകുപ്പിലെ ക്രമക്കേടുകൾ വർദ്ധിക്കുന്നതിന് കാരണം ജീവനക്കാരുടെ അഭാവമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കാനുപാതികമായി സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ ; വ്യക്തമാക്കുമോ

(സി) സഹകരണ വകുപ്പിൽ ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 25.5.1981 ലെ ജി.ഒ(എം.എസ്) 191/81/എ.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് സഹകരണ വകുപ്പിൽ നിലവിലുള്ളത്. ആയതിനു ശേഷം സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തിലും പ്രവർത്തനങ്ങളിലും പതിൻമടങ്ങ് വർദ്ധനവ് ഉണ്ടായി. സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല. ഇതു കാരണംജീവനക്കാരുടെ ജോലി ഭാരം അധികരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ